| 18–08–2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ – സുഗന്ധപുഷ്പങ്ങളായി മാറൂ, ശ്രീകൃഷ്ണനാണ് നമ്പർ വൺ സുഗന്ധ പുഷ്പം അതിനാൽ എല്ലാവർക്കും വളരെ പ്രിയപ്പെട്ടവനാണ്, എല്ലാവരും നയനങ്ങളിൽ വെക്കുന്നു.**

**ചോദ്യം–** ലൗകികത്തിൽ മാധുര്യമുള്ള സംബന്ധം ഏതാണ്, ഏതിനേയാണ് ഏറ്റവും മാധുര്യമുള്ളത് എന്ന് പറയുന്നത് ?

**ഉത്തരം–** ലൗകികത്തിലും മാധുര്യമുള്ളത് എന്ന് അച്ഛനേ തന്നേയാണ് പറയുന്നത്. നിങ്ങൾ കുട്ടികളും പറയുന്നു, ഞങ്ങളുടേത് അതിസ്നേഹിയായ മധുരമായ അച്ഛനാണ്, ഞങ്ങൾ അതി സ്നേഹികളായ കുട്ടികളുമാണ് . പിന്നെ ഏറ്റവും മാധുര്യമുള്ളത് എന്ന് ടീച്ചറേയാണ് പറയുന്നത്, കാരണം ടീച്ചർ പഠിപ്പ് പഠിപ്പിക്കുന്നു. അറിവ് വരുമാനമാർഗ്ഗമാണ്. നിങ്ങൾക്കും ആദ്യം ജ്ഞാനം ലഭിക്കുന്നു. ഗൃഹസ്ഥവ്യവഹാരത്തിൽ ഇരുന്നും ഈ ജ്ഞാനത്തെ ധാരണ ചെയ്യുകയും ചെയ്യിപ്പിക്കുകയും വേണം.

**ഗീതം**–മരിക്കുന്നതും നിൻ വഴിയിൽ.......

**ഓംശാന്തി**. കുട്ടികൾ ഗീതം കേട്ടു. ആരെങ്കിലും മരിക്കുമ്പോൾ മറ്റു അച്ഛനമ്മമാരുടെ അടുക്കൽ ജന്മമെടുക്കുകയും അച്ഛന് ആശംസകൾ നൽകുകയും ചെയ്യുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം ഞങ്ങളാത്മാക്കൾ അവിനാശിയാണെന്ന്. അത് ശരീരത്തിന്റെ കാര്യമാണ്. ഒരു ശരീരമുപേക്ഷിച്ച് വേറൊന്ന് എടുക്കുന്നു അതായത് ഒരു അച്ഛനേ ഉപേക്ഷിച്ച് വേറൊരു അച്ഛന്റെ അടുക്കൽ പോകുന്നു. നിങ്ങൾ 84 സാകാരീ അച്ഛന്മാരെ സ്വീകരിച്ചു. വാസ്തവത്തിൽ നിരാകാരീ അച്ഛന്റെ മക്കളാണ്. നിങ്ങൾ ആത്മാക്കൾ നിർവ്വാണധാമം–ശാന്തീധാമിൽ വസിക്കുന്നവരാണ്. അവിടേയാണ് അച്ഛനോടൊപ്പം എല്ലാ ആത്മാക്കളും വസിക്കുന്നത്. അതിനെ ആത്മാക്കളുടെ ലോകം എന്ന് പറയുന്നു. നിങ്ങൾ ആത്മാക്കളും അവിടെ വസിക്കുന്നു ബാബയും അവിടേ തന്നെ വസിക്കുന്നു. ഇവിടെ ലൗകിക അച്ഛന്റെ കുട്ടിയാകുമ്പോൾ ആ അച്ഛനെ മറക്കുന്നു. സത്യയുഗത്തിൽ ആരും തന്നെ ആ അച്ഛനെ ഓർമ്മിക്കുന്നില്ല. ബുദ്ധി താഴേക്ക് വരുന്നു. ആ അച്ഛന്റെ ഓർമ്മ വരുമ്പോൾ ഓ അച്ഛാ എന്ന് വിളിക്കുന്നു. ഇവരേയും അച്ഛാ എന്ന് വിളിക്കുന്നു. അതും അച്ഛനാണ്. ലൗകിക അച്ഛനെ ഇവിടെയാണ് കാണുന്നത്. പാരലൗകിക അച്ഛനെ വിളിക്കുമ്പോൾ ദൃഷ്ടി മുകളിൽ പോകുന്നു. ഇപ്പോൾ നിങ്ങൾ ആ ബാബയുടേതായി. നിങ്ങൾക്കറിയാം ആദ്യം ഞങ്ങൾ പവിത്രമായിരുന്നു, രാജ്യഭാഗ്യം എടുത്തു, ഇപ്പോൾ 84 ജന്മം പൂർത്തിയാക്കി എന്ന്. ദു:ഖികളായതിനാൽ ബാബയേ ഓർമ്മിക്കുന്നു. ഈ വസ്ത്രം (ശരീരം) ധരിച്ച് ധരിച്ച് ഇപ്പോൾ തമോപ്രധാനമായി. മുമ്പ് ശരീരവും ആത്മാവും രണ്ടും സതോപ്രധാനമായിരുന്നു. പിന്നട് ആത്മാവ് സതോ, രജോ, തമോയിലേക്ക് വരുന്നു. ആദ്യം സ്വർണമായിരുന്നു, പിന്നീട് വെള്ളി, ചെമ്പ്, ഇരുമ്പിലേക്ക് വരുന്നു. ഇതിനെ ആഭരണം എന്നും പറയുന്നു. സ്വർണത്തിൽ കലർപ്പ് ചേർക്കാറില്ലേ. ബാബ മനസിലാക്കി തരുന്നു, ഇപ്പോൾ നിങ്ങളാത്മാക്കൾ പതിതമായി തീർന്നു. സ്വർണം കറുത്ത് പോയി. നിങ്ങൾ കറുത്ത് അപവിത്രമായി. മുമ്പ് നിങ്ങൾ ആത്മാക്കൾ പവിത്രമായിരുന്നു, ശരീരവും പവിത്രമായിരുന്നു, ഇപ്പോൾ വീണ്ടും എങ്ങിനെ പവിത്രശരീരം എടുക്കും? സ്നാനം ചെയ്യുന്നതിലൂടെ ലഭിക്കുമോ. കുളിക്കുന്നതിലൂടെ ഒന്നും തന്നെ സംഭവിക്കുന്നില്ല. അല്ലയോ പതിതപാവനനായ ബാബാ എന്ന് ആത്മാവ് വിളിക്കുന്നു. 'ബാബാ' എന്ന വാക്ക് എത്ര മധുരമുള്ളതാണ്. വളരെ നല്ലതാണ്. ഭാരതത്തിൽ തന്നേയാണ് 'ബാബാ ' എന്ന വാക്കുള്ളത്. കുട്ടികൾ 'ബാബാ –ബാബാ ' എന്ന് വിളിച്ച് കൊണ്ടിരിക്കുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം ഞങ്ങൾ ആത്മാഭിമാനികളായി ബാബയുടേതായി തീർന്നു എന്ന്. ബാബ പറയുന്നു ഞാൻ നിങ്ങളെ ഏറ്റവും ആദ്യം സ്വർഗത്തിൽ അയച്ചിരുന്നു. പാർട്ടഭിനയിച്ചഭിനയിച്ച് ഇപ്പോൾ അന്തിമത്തിൽ വന്ന് നിൽക്കുന്നു. ഉള്ളിൽ സദാ ബാബാ ബാബ എന്ന് വിളിച്ച് കൊണ്ടിരിക്കൂ. ബാബ വന്നിരിക്കുന്നു എന്ന് നിങ്ങൾ കുട്ടികൾക്കറിയാം. ആ ബാബയേ തന്നേയാണ് എല്ലാവരും ഹേ പതിത പാവനാ വന്ന് ഞങ്ങൾ പതിതരെ പാവനമാക്കു എന്ന് വിളിച്ച് ഓർമ്മിക്കുന്നത്. എല്ലാവരും അവരവരുടെ ഭാഷയിൽ വിളിക്കുന്നു. ലോകം പഴയതാകുമ്പോൾ വിളിക്കുന്നു. തീർച്ചയായും സംഗമത്തിൽ തന്നേയാണ് വരുന്നത്. ശാസ്ത്രങ്ങളിൽ പ്രയോജനരഹിതമായ ധാരാളം കാര്യങ്ങൾ എഴുതിയിട്ടുണ്ട് എന്നും നിങ്ങൾക്കറിയാം. ഞങ്ങളുടേത് ഏറ്റവും പ്രിയപ്പെട്ട, അതി സ്നേഹിയായ ബാബയാണ് എന്ന് നിങ്ങൾ കുട്ടികൾക്കറിയാം. ബാബയും മധുരമായ കുട്ടികളേ എന്ന് വിളിക്കുന്നു. മധുരമായത്, അതിലും മധുരമായത്, ഏറ്റവും മധുരമുള്ളത്. ഇപ്പോൾ മധുരമായത് ആരാണ്? ലൗകിക സംബന്ധത്തിലും അച്ഛൻ തന്നേയാണ് മധുരമായത്. പിന്നെ ഏറ്റവും മധുരമായത് എന്ന് ടീച്ചറേ പറയും. ടീച്ചർ നല്ലതായിരിക്കും. പഠിപ്പിക്കുകയും ചെയ്യുന്നു. അറിവ് വരുമാനമാർഗ്ഗമാണെന്ന് പറയുന്നു. എങ്കിൽ

ഈ അറിവും വരുമാനമാർഗ്ഗമാണ്.

യോഗത്തെ ഓർമ്മ എന്നും, ജ്ഞാനത്തെ അറിവ് എന്നും പറയുന്നു. നിങ്ങളെ സ്വർഗത്തിലെ അധികാരിയാക്കിയിരുന്നു എന്ന് നിങ്ങൾ കുട്ടികൾക്കറിയാം. അപ്പോൾ ശിവജയന്തി ആഘോഷിക്കുന്നു. എന്നാൽ ശിവബാബ എങ്ങനെ വന്നു ഇത് ആർക്കും അറിയില്ല. ചിത്രങ്ങളിൽ ത്രിമൂർത്തികളുണ്ട്, ശിവൻ മുകളിലാണ്. ബ്രഹ്മാവിലൂടെ സ്ഥാപന, സ്ഥാപന ആരാണ് ചെയ്യിക്കുന്നത്? ചെയ്യുന്നതും ചെയ്യിപ്പിക്കുന്നതും ശിവബാബയാണ്. ബ്രഹ്മാ– വിഷ്ണു – ശങ്കരന്റെ മുകളിലാണ് ശിവൻ. അവർ രചനയാണ്. ശിവൻ അവരുടെ രചയിതാവാണ്. ശിവൻ നിരാകാരനാണ്. ഇത് സാകാര സൃഷ്ടിയാണ്. സൃഷ്ടി ചക്രം ആവർത്തിച്ച് കൊണ്ടിരിക്കുന്നു. സൂക്ഷ്മവതനത്തെ സൃഷ്ടി ചക്രം എന്ന് പറയില്ല. ഈ മനുഷ്യ സൃഷ്ടി തന്നേയാണ് ചക്രം കറക്കുന്നത്. സൂക്ഷ്മവതനത്തിലോ, മൂലവതനത്തിലോ ചക്രത്തിന്റെ കാര്യമേ ഇല്ല. ഇപ്പോൾ കലിയുഗ നരകമാണ്. സത്യയുഗം സ്വർഗമാണ്. ഇപ്പോൾ ആരാണ് നരകവാസികളേ സ്വർഗ വാസികളാക്കുന്നത് ?വാമമാർഗത്തിൽ സഞ്ചരിച്ചത് കൊണ്ടാണ് പതിതമായി തീർന്നത്. ദിനം പ്രതി ദിനം സുഖത്തിൽ നിന്ന് ദു;ഖത്തിലേക്ക് വന്ന് കൊണ്ടിരിക്കുന്നു. ലോകം തമോപ്രധാനമായി കൊണ്ടിരിക്കുന്നു അപ്പോൾ ഇത് പൂർണമായും തമോഗുണീ ബുദ്ധിയാണ് എന്ന് പറയുന്നു. ഇത് ദേവതമാർക്ക് സമാനം വളരെ സതോപ്രധാന ബുദ്ധിയാണ്. വാസ്തവത്തിൽ ദേവതമാർക്ക് പൂജ ഉണ്ടാകേണ്ടത് തന്നേയാണ്. എന്നാൽ ഈ സമയം ആരും തന്നെ ദേവതമാരായി ഇല്ല കാരണം ആരിലും ദേവതാ ഗുണമില്ല. ക്രിസ്ത്യാനികൾ ക്രിസ്തുവിനെ അറിയുന്നു, അദ്ദേഹത്തെ പൂജിക്കുന്നു. ഭാരതവാസികൾക്ക് സ്വയത്തെ ദേവീ–ദേവതമാർ എന്ന് പറയാൻ സാധിക്കില്ല. ഇന്ന ദേവീ, ഇന്ന ദേവതാ എന്ന പേര് ധാരാളം പേർക്കുണ്ട്. എന്നാൽ ആ ഗുണങ്ങളൊന്നും ഇല്ല. നിർഗുണമാലയിലെ എനിക്ക് യാതൊരു ഗുണവും ഇല്ല...... എന്ന് പാടിയിട്ടുണ്ട്. ആത്മാവ് ആരുടെ മുന്നിൽ നിന്നാണ് പറയുന്നത് ? ബാബയോടാണല്ലോ പറയേണ്ടത്. ബാബയേ മറന്ന് സഹോദരരുടെ കൂടെ പോയി നിൽക്കുന്നു. ബ്രഹ്മാ, വിഷ്ണു, ശങ്കരന്മാരും സഹോദരരല്ലേ. അവരിൽ നിന്ന് ഒന്നും തന്നെ കിട്ടാനില്ല. സഹോദരർക്ക് പൂജ ചെയ്ത് കൊണ്ടിരിക്കുന്നു, അധ:പതിച്ച് കൊണ്ടിരിക്കുന്നു. ഇപ്പോൾ നിങ്ങൾക്ക് അച്ഛനിൽ നിന്ന് സമ്പത്ത് ലഭിച്ച് കൊണ്ടിരിക്കുന്നു. അച്ഛനെ ആരും മനസിലാക്കുന്നില്ല. അച്ഛനെ സർവ്വവ്യാപീ എന്ന് പറയുന്നു. അച്ഛന്റെ പേരെന്താണ് ?അച്ഛൻ നാമ രൂപങ്ങളിൽ നിന്ന് വേറിട്ടവനാണ് എന്ന് പറയുന്നു. നിങ്ങൾ ഒരു വശത്ത് അഖണ്ഡ ജ്യോതി സ്വരൂപൻ എന്ന് പറയുന്നു പിന്നെ എങ്ങിനെ വേറിട്ടവനാകും? എല്ലാവർക്കും തമോപ്രധാനമാകുക തന്നെ വേണം എന്നും മനസിലാക്കുന്നു. പിന്നീട് ബാബ വരുമ്പോൾ എല്ലാവരേയും സതോപ്രധാനമാക്കുന്നു. ആത്മാവിന് തീർച്ചയായും പവിത്രമാകുക തന്നെ വേണം. എല്ലാ ആത്മാക്കളും ബാബയോടൊപ്പം വസിക്കുന്നവരാണ്. പുതിയ ലോകത്ത് നിന്ന് പഴയ ലോകമാകുക തന്നെ വേണം.

ഞങ്ങളിപ്പോൾ ബാബയുടേതായി എന്ന് നിങ്ങൾക്കറിയാം. ബാബ വന്നിരിക്കുന്നു. ബ്രഹ്മാവിലൂടെ സ്ഥാപന ചെയ്യിക്കുന്നു. ഞാൻ ബ്രഹ്മാവിന്റെ ശരീരം ആധാരമായെടുക്കുന്നു എന്ന് ബാബ പറയുന്നു. ഭാഗ്യശാലീ രഥത്തിൽ സവാരി നടക്കുന്നു. രഥത്തിൽ തീർച്ചയായും ആത്മാവുണ്ടാകില്ലേ. ഭാഗീരഥൻ ഗംഗ കൊണ്ട് വന്നു എന്ന് പറയാറുണ്ട്. ഗംഗ എങ്ങിനെ പിന്നെ ജടയിൽ നിന്ന് വരുന്നു? പർവ്വതങ്ങളിൽ നിന്ന് മധുരമായ വെള്ളം വരുന്നുണ്ട്. സാഗരത്തിൽ നിന്ന് മേഘം നിറച്ച് പിന്നീട് ചെയ്യുന്നു. ഇന്നത്തെ കാലത്ത് സയൻസിന്റെ ശക്തിയിലൂടെ വെള്ളം മധുരമുള്ളതാക്കി തീർക്കുന്നു. പ്രകൃത്യാ ഉള്ള മേഘം എത്ര വർഷിക്കുന്നു. എത്ര വെള്ളം വരുന്നു. വെള്ളപ്പൊക്കമുണ്ടാകുന്നു. എവിടേ നിന്നാണ് ഇത്രയും വെള്ളം വരുന്നത് ? മേഘം തന്നേയാണ് വലിച്ചെടുക്കുന്നത്. ഇന്ദ്രനും മറ്റുമല്ല. മേഘം നിറച്ച് പിന്നീട് പെയ്യിക്കുന്നു. വാസ്തവത്തിൽ ഇത് ജ്ഞാന വർഷമാണ്. ഇത് ജ്ഞാനമല്ലേ. ഇതിലൂടെ എന്തുണ്ടാകുന്നു ?പതിതത്തി നിന്ന് പാവനമായി തീരുന്നു. ഗംഗാ–യമുനാ നദിയൊക്കെ സത്യയുഗത്തിലും ഉണ്ടാകുമല്ലോ. കൃഷ്ണൻ അവിടെ കളിച്ച് രസിച്ചിരുന്നു എന്ന് പറയാറുണ്ട്. വാസ്തവത്തിൽ ഇങ്ങിനെയുള്ള കാര്യമേ ഇല്ല. അവിടെ കൃഷ്ണനെ വളരെ ശ്രദ്ധയോടെ സംരക്ഷിച്ചിരുന്നു. വളരെ നല്ല പൂവല്ലേ. പൂവ് എത്ര പ്രിയപ്പെട്ടതായിരിക്കും. പൂവിൽ നിന്ന് തന്നേയാണ് സുഗന്ധം ലഭിക്കുന്നത്. മുള്ളിൽ നിന്ന് എപ്പോഴെങ്കിലും സുഗന്ധം എടുത്തിട്ടുണ്ടോ ?ഇത് മുള്ളുകളുടെ കാടാണ്. നിരാകാരനായ ബാബ പറയുന്നു ഞാൻ വന്ന് പൂക്കളുടെ തോട്ടമാക്കുന്നു, അതിനാൽ ബബുൾ നാഥൻ എന്ന പേരും വെക്കുന്നു. ബബുൾ മുള്ളുകളെ പൂവാക്കി മാറ്റുന്നു, അതിനാൽ മുള്ളുകളെ പൂവാക്കി മാറ്റുന്നവൻ എന്ന് മഹിമ പാടുന്നു. എങ്കിൽ ബാബയോട് എത്ര സ്നേഹമുണ്ടാകണം. ലൗകിക അച്ഛനുണ്ടായിട്ടും ആത്മാവ് പാരലൗകിക അച്ഛനെ ഓർമ്മിക്കുന്നു കാരണം ദു:ഖിയാണ്. ഇതും കളിയാണ്. നിങ്ങൾ അരകൽപ്പം ഓർമ്മിച്ച് വന്നു. ആ ബാബ വരുമ്പോൾ ശിവജയന്തി ആഘോഷിക്കുന്നു. ഞങ്ങളിപ്പോൾ പരിധിയില്ലാത്ത അച്ഛന്റെ മക്കളായി എന്ന് നിങ്ങൾക്കിപ്പോഴറിയാം. ഞങ്ങളുടെ സംബന്ധം ആ അച്ഛനുമായാണ്. ലൗകിക അച്ഛനുമായും ഉണ്ട്.

പരിധിയില്ലാത്ത അച്ഛൻ പറയുന്നു, എന്നെ ഓർമ്മിക്കുന്നതിലൂടെ നിങ്ങൾ പവിത്രമായി തീരുന്നു. ആത്മാവിനറിയാം ഇത് ലൗകിക അച്ഛനാണ്, അത് പാരലൗകിക അച്ഛനാണ് എന്ന്. ആത്മാവ് പാരലൗകിക അച്ഛനേ തന്നേയാണ് വിളിക്കുന്നത്. ആത്മാവ് പറയുന്നു – ഹേ ഭഗവാൻ, ഓ ഗോഡ് ഫാദർ. അച്ഛൻ വീട്ടിൽ തന്നേയുണ്ടെങ്കിൽ പിന്നെ എന്തിന് ഓ അച്ഛാ എന്ന് വിളിക്കുന്നു. ആത്മാവ് ആ അവിനാശീ അച്ഛനെ ഓർമ്മിക്കുന്നു. ആ അച്ഛൻ എപ്പോൾ വന്ന് പുതിയ ലോകം രചിക്കുന്നു എന്നും ഇപ്പോൾ നിങ്ങൾക്കറിയാം. തീർച്ചയായും കലിയുഗാന്ത്യത്തിൽ സത്യയുഗ ആദിയിൽ വരും എന്ന് പറയുന്നു. കലിയുഗത്തിന്റെ ആയുസ്സ് ലക്ഷം വർഷം എന്ന് പറയുന്നു. മനുഷ്യർ ഭഗവാനെ ലഭിക്കുന്നതിന് എത്ര അലയുന്നു. ഏറ്റവും കൂടുതൽ ഭക്തി ആരാണ് ചെയ്യുന്നത് ?അവരുമായി ആദ്യം മിലനം ഉണ്ടാകേണ്ടേ. ഏറ്റവും ആദ്യം നിങ്ങൾ തന്നേയാണ് ഭക്തി ആരംഭിച്ചത് എന്ന് ബാബ മനസിലാക്കി തരുന്നു. നിങ്ങൾക്ക് തന്നേയാണ് ഏറ്റവും ആദ്യം ജ്ഞാനം ലഭിക്കേണ്ടത്. നിങ്ങൾ ആദ്യം ആസുരീയ ഗുണങ്ങളുള്ളവരായിരുന്നു. ഇപ്പോൾ നിങ്ങൾ ദേവീക ഗുണവാനായ ദേവതയായി തീരുന്നു. ഇത്രയും ഉയർന്ന സ്വർഗത്തിന്റെ അധികാരികളാകുന്നു നിങ്ങൾ. അവിടെ ഓരോ വസ്തുവും ഫസ്റ്റ്ക്ളാസായിരിക്കും. നിങ്ങൾ വളരെ ശ്രേഷ്ഠരായി മാറുന്നു. നിങ്ങൾക്ക് വേണ്ടി അവിടെ പവിഴ കൊട്ടാരങ്ങൾ നിർമ്മിക്കും.

ഏത് വരെ ബ്രാഹ്മണനാകുന്നില്ലയോ അത് വരെ ശിവബാബയിൽ നിന്ന് സമ്പത്തും ലഭിക്കുന്നില്ല. ശൂദ്രന് സമ്പത്തെടുക്കാൻ സാധിക്കില്ല. ഇത് യജ്ഞമല്ലേ. ഇതിൽ തീർച്ചയായും ബ്രാഹ്മണൻ വേണം. യജ്ഞം എപ്പോഴും ബ്രാഹ്മണർക്ക് തന്നേയാണ് ഉണ്ടാകുന്നത്. ശിവനെ രുദ്രൻ എന്നും പറയുന്നു. അതിനാൽ ഇത് രുദ്രജ്ഞാന യജ്ഞമാണ്. രുദ്രനായ ശിവബാബ ഈ ജ്ഞാന യജ്ഞം രചിച്ചു. ഭക്തി പൂർണ്ണമാകുമ്പോൾ യജ്ഞം രചിക്കുന്നു. മനുഷ്യർ ഭക്തിമാർഗത്തിലാണ് യജ്ഞം രചിക്കുന്നത്. സത്യയുഗത്തിൽ ദേവതമാർ ഒരിക്കലും യജ്ഞം രചിക്കുന്നില്ല. എന്നാൽ ഇത് രാജസ്വ അശ്വമേധ അവിനാശീ രുദ്രജ്ഞാന യജ്ഞമാണ്. ഈ പേരിൽ തന്നേയാണ് ശാസ്ത്രങ്ങളിലും പാടിയിട്ടുള്ളത്. ഭക്തിയും ജ്ഞാനവും പകുതി പകുതിയാണ്. ഭക്തി രാത്രിയാണ്, ജ്ഞാനം പകലാണ്. ഇത് ബാബ മനസിലാക്കി തരുന്നു. സദാ ബാബാ ബാബ എന്ന് വിളിച്ച് കൊണ്ടിരിക്കൂ. ബാബ ഞങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കുന്നവനാണ്. ഏറ്റവും പ്രിയപ്പെട്ട ബാബയാണ്. അതിലും കൂടുതൽ സ്നേഹം ലോകത്തിൽ മറ്റാർക്കും ഉണ്ടാകുകയില്ല. അരകൽപ്പം ബാബയേ ഓർമ്മിച്ചു. ഞങ്ങൾ ആ ബാബയുടേതായി എന്ന് ഇപ്പോൾ അറിയാം. ഗൃഹസ്ഥവ്യവഹാരത്തിൽ ഇരുന്നും ബാബയേ ഓർമ്മിക്കൂ എന്ന് ബാബ പറയുന്നു. എല്ലാവർക്കും ഇവിടെ ഇരിക്കാൻ സാധിക്കില്ല. ആ ബാബയുടെ അടുക്കൽ ഇരിക്കാം. എവിടെ ?ഏത് ബാബ? ആ ബാബയുടെ പേരെന്ത് ? ശിവബാബയോടൊപ്പം എവിടെ ഇരിക്കും? പരംധാമിൽ. അവിടെ എല്ലാ ആത്മാക്കൾക്കും വസിക്കാം. ഇവിടെ താമസിക്കാൻ സാധിക്കില്ല. ഇവിടെ കുറച്ച് പേർക്ക് മാത്രം ഇരിക്കാം. ഇവിടെ നിന്ന് നിങ്ങൾ കുട്ടികൾക്ക് ജ്ഞാനം എടുക്കണം, ഇത് പഠിത്തമല്ലേ.

ആരെങ്കിലും കാണാൻ വരുമ്പോൾ അവരോട് പറയണം രണ്ടച്ഛനുണ്ട് എന്ന് – ലൗകികവും പാരലൗകികവും .ദു:ഖത്തിൽ പാരലൗകിക അച്ഛനേ തന്നേയാണ് ഓർമ്മിക്കുന്നത്. ആ അച്ഛൻ ഇപ്പോൾ വന്നിരിക്കുന്നു. ഏറ്റവും പ്രിയപ്പെട്ട ശിവബാബ. കൃഷ്ണനും എല്ലാവർക്കും ഏറ്റവും പ്രിയപ്പെട്ടവനാണ്. എന്നാൽ ശിവബാബ നിരാകാരനാണ്, കൃഷ്ണൻ സാകാരനും. കൃഷ്ണനെ എല്ലാവരുടേയും അച്ഛൻ എന്ന് പറയില്ല. കൃഷ്ണൻ വിശ്വത്തിന്റെ അധികാരിയാണ്. കൃഷണനെ അങ്ങിനെ ആക്കുന്നതും ശിവബാബയാണ്. രണ്ട് പേരും പ്രിയപ്പെട്ടവരാണ്. എന്നാൽ രണ്ട് പേരിലും ഏറ്റവും പ്രിയപ്പെട്ടത് ആരാണ് ? ശിവൻ എന്ന് പറയും. ശിവൻ തന്നേയാണ് കൃഷ്ണനെ ഇങ്ങിനെ ആക്കുന്നത്. കൃഷ്ണനെന്താണ് ചെയ്യുന്നത് ? ഒന്നും ചെയ്യുന്നില്ല. തമോപ്രധാന ആത്മാക്കളെ ബാബ തന്നേയാണ് വന്ന് സതോപ്രധാനമാക്കുന്നത്. അതിനാൽ മഹിമ ആ ബാബയ്ക്ക് തന്നേയല്ലേ ഉണ്ടാകേണ്ടത്. കൃഷ്ണൻ കുട്ടിയാണ്, കൃഷ്ണന്റെ ഡാൻസും മറ്റും കാണിക്കുന്നു. ശിവബാബ എന്താ ഡാൻസ് ചെയ്യുമോ ?നിങ്ങളെല്ലാവരും പാർവ്വതിമാരാണെന്ന് ശിവബാബ മനസിലാക്കി തരുന്നു. ശിവൻ അമരനാഥൻ നിങ്ങളെ കഥ കേൾപ്പിച്ച് കൊണ്ടിരിക്കുന്നു. മറ്റ് പാർവ്വതിയൊന്നും ഇല്ല. അർജുനനും ഒന്ന് മാത്രമല്ല ഉള്ളത്, നിങ്ങളെല്ലാവരും അർജുനൻമാരാണ്. ദ്രൗപദിമാരും നിങ്ങൾ തന്നേയാണ്. ആ ദുശ്ശാസനനാണ് നഗ്നമാക്കുന്നത്. അപ്പോൾ ബാബാ ഞങ്ങളെ രക്ഷിക്കൂ എന്ന് വിളിക്കുന്നു. ബാബ പറയുന്നു – മക്കളെ, ഒരിക്കലും നഗ്നരാകരുത്. ദ്രൗപദി നഗ്നയാക്കപ്പെടുമ്പോൾ കൃഷ്ണൻ അവർക്ക് 21 വസ്ത്രങ്ങൾ നൽകി എന്ന് കാണിച്ചിട്ടില്ലേ. 21 സാരികൾ ധരിക്കാൻ സാധിക്കുമോ? ഇതും ഒരു കളി കാണിക്കുന്നത് പോലെയാണ്. കൃഷ്ണൻ മുകളിൽ നിന്ന് സാരികൾ നൽകി കൊണ്ടിരിക്കുന്നു. ഇപ്പോൾ എങ്ങിനെ 21 സാരികൾ ധരിക്കാൻ സാധിക്കും? വാസ്തവത്തിൽ ബാബ നിങ്ങളെ നഗ്നരാക്കപ്പെടുന്നതിൽ നിന്ന് രക്ഷിക്കുന്നു, അതിലൂടെ നിങ്ങൾക്ക് 21 ജന്മം ഒരിക്കലും നഗ്നരാകില്ല എന്നതാണ് ഇതിന്റെ അർത്ഥം. ശരി !

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം -**

1) ഉള്ളിൽ ബാബാ ബാബാ എന്ന് വിളിച്ച് ബാബയ്ക്ക് സമാനം മധുരമുള്ളവരായി മാറണം. ആത്മാഭിമാനിയായി ഇരിക്കണം. പഠിത്തത്തിൽ പൂർണ ശ്രദ്ധ നൽകണം.

2) അതി സ്നേഹിയായ ബാബയെ ഓർമ്മിച്ച് തീർച്ചയായും പവിത്രമായി തീരണം. ഓർമ്മയുടെ അഗ്നിയിലൂടെ വികാരങ്ങളുടെ കറകളെ പുറത്ത് കളഞ്ഞ് സത്യമായ സ്വർണമായി മാറണം.

## വരദാനം - പർവതത്തെപ്പോലെയുള്ള കാര്യത്തെ പോലും ഒരു ബാബ എന്ന വാക്കിന്റെ സ്മൃതിയിലൂടെ പഞ്ഞിയെ പോലെ സഹജയോഗിയായി ഭവിക്കട്ടെ

സഹജയോഗിയാകുന്നതിനായി ഒരു വാക്ക് ഓർമിക്കൂ- എന്റെ ബാബ, അത്ര മാത്രം. ഏതൊരു കാര്യം വരട്ടെ, ഹിമാലയപർവതത്തെക്കാളും വലുതാകട്ടെ എന്നാൽ ബാബ എന്നു പറയുന്നതും പർവതം പഞ്ഞി യായിക്കഴിയും. കടുകു പോലും അൽപം കട്ടിയുള്ളതും ബലമുള്ളതുമാണ്, പഞ്ഞി മൃദുവും ലഘുവുമാ ണ്. അപ്പോൾ എത്ര തന്നെ വലിയ കാര്യവും പഞ്ഞി പോലെ ലഘുവായതായിത്തീരും. ലോകർ കാണുക യാണെങ്കിൽ പറയും ഇതെങ്ങനെ നടക്കും താങ്കൾ പറയും ഇത് ഇങ്ങനെ നടക്കും. ബാബ എന്നു പറ ഞ്ഞു-എങ്കിൽ ബുദ്ധിയിൽ ടച്ച് ആകും- ഇങ്ങനെ ചെയ്യൂ അപ്പോൾ സഹജമായി മാറും. ഇതാണ് സഹജ യോഗീജീവിതം.

## സ്ലോഗൻ - സ്നേഹത്തിന്റെ സാഗരത്തിൽ ലൗലീനമായിരിക്കൂ എങ്കിൽ സദാ സമീപം, സമാനം, സമ്പന്ന ഭവയുടെ വരദാനിയായി മാറും.